# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1622

17/06/2013 - ൽ മറുപടിക്ക്

## ഹൈസ്പീഡ് മറൈൻ എക്സ്പ്രസ് ഹൈവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യ മന്ത്രി) |
| എ) ഹൈസ്പീഡ് മറൈൻ എക്സ്പ്രസ് ഹൈവേ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) ഉണ്ട്. ആദ്യഘട്ടത്തിൽ കൊച്ചി മുതൽ കൊല്ലം വരെയും രണ്ടാം ഘട്ടത്തിൽ ബേപ്പൂർ മുതൽ കൊച്ചിവരെയുമുള്ള 'മറൈൻ ഹൈവേ' കേരള തീരത്ത് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ചരക്കു ഗതാഗതത്തിനു വേണ്ടിയുള്ള ഈ കടൽപ്പാതയ്ക്കുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | ബി) • ഹൈസ്പീഡ് മറൈൻ എക്സ്പ്രസ് ഹൈവേയ്ക്കായി കേരളതീരത്തുനിന്ന് 12 നോട്ടിക്കൽ മൈൽ അകലത്തിൽ അഴീക്കൽ മുതൽ വിഴിഞ്ഞം വരെയുള്ള കടൽപ്പാതയ്ക്കായി റൂട്ട് മാർക്ക് ചെയ്തിട്ടുണ്ട്.<br>• മത്സ്യബന്ധന ബോട്ടുകൾക്ക് യാതൊരുവിധ തടസ്സവും നേരിടാത്ത രീതിയിലാണ് റൂട്ട് മാർക്ക് ചെയ്തിരിക്കുന്നത്.<br>• കൊച്ചി-കൊല്ലം ഹൈവേയുടെ പ്രവർത്തനം ഉടൻ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>• കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ അംഗീകരിക്കുകയും ബിസിനസ്സ് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |

- കൊല്ലം തുറമുഖത്ത് ഒരു കണ്ടെയിനർ ക്രയിൻ വാങ്ങുന്നതിനും, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾക്കു വേണ്ടി ഓരോ പൈലറ്റ് ബോട്ട് വാങ്ങുന്നതിനും സപ്ലൈ ഓർഡർ നല്കിയിട്ടുണ്ട്.
- ഒരു പുതിയ 600 HP ശേഷിയുള്ള ടഗ്ഗ് കൊല്ലം തുറമുഖത്തിന് വേണ്ടി ജൂലൈ മാസത്തിൽ കമ്മീഷൻ ചെയ്യുന്നതാണ്.
- 40 ടൺ ശേഷിയുള്ള ഒരു ഫോർക്ക് ലിഫ്റ്റ് കമ്മീഷൻ ചെയ്തു.
- മറൈൻ ഹൈവേയുടെ ആദ്യ റൂട്ടായ കൊല്ലം-വല്ലാർപ്പാടം ചരക്കു ഗതാഗതം സാധ്യമാക്കാൻ KSMDC മുഖാന്തിരം കപ്പൽ ചാർട്ടർ ചെയ്യുവാനുള്ള എഗ്രിമെന്റ് 22/05/2013 - ാം തീയതി ഒപ്പുവച്ചു.
- കൊല്ലം തുറമുഖത്തുനിന്നും കസ്റ്റംസ് ക്ലീയർ ചെയ്തു ചരക്ക് അയക്കുന്നതിനു കസ്റ്റംസിന്റെ സേവനം, പ്ലാന്റ് ക്വാറൺടൈൻ, എമിഗ്രേഷൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങൾക്കു നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | എന്നുമുതൽ ഈ പാത ഉപയോഗിക്കുവാൻ സാധിക്കുമെന്നും ഈ പാതയിലൂടെ ചരക്കുകൾ കൊണ്ടുപോകാൻ ആവശ്യമായ സമുദ്രയാനങ്ങൾ കേരളത്തിൽ ലഭ്യമാണോ എന്നും വിശദീകരിക്കാമോ; | സി) | 2013 ജൂലൈ മുതൽ ഈ പാത ഉപയോഗയോഗ്യമാകും. ആദ്യഘട്ടത്തിൽ കൊല്ലം - വല്ലാർപാടം ബന്ധിപ്പിച്ചായിരിക്കും പ്രവർത്തനം ആരംഭിക്കുക. ഈ പാതയിലൂടെ ചരക്കുകൊണ്ടുപോകാനാവശ്യമായ സമുദ്ര |

യാനങ്ങൾ കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ ഗോവയിൽ നിന്നും വാടകയ്ക്ക് എടുത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | ഹൈസ്പീഡ് മറൈൻവേയുടെ കയറ്റിറക്കു സൗകര്യങ്ങൾ ഏതെല്ലാം പ്രദേശങ്ങളിലാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഡി) | ആദ്യഘട്ടത്തിൽ കൊല്ലം തുറമുഖത്തും, രണ്ടാംഘട്ടത്തിൽ ബേപ്പൂർ തുറമുഖത്തും തുടർന്ന് അഴീക്കൽ, വിഴിഞ്ഞം തുറമുഖങ്ങളിലും ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. കേരള തീരത്ത് തീരദേശ കപ്പൽ ഗതാഗതം വികസിപ്പിക്കുന്നതിന്റെ ഭാഗമായി അഴീക്കൽ, ബേപ്പൂർ, വല്ലാർപ്പാടം, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളെ ബന്ധിപ്പിച്ചു ചരക്കു ഗതാഗതം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി കൊല്ലം, ബേപ്പൂർ, വിഴിഞ്ഞം, അഴീക്കൽ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി തുറമുഖങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കപ്പൽപാത (മറൈൻ ഹൈവേ) മത്സ്യബന്ധന ബോട്ടുകൾക്ക് തടസ്സം വരാത്ത വിധത്തിൽ രൂപകല്പന ചെയ്തെടുക്കുകയാണ് പദ്ധതിയുടെ ഉദ്ദേശം. |

സെക്ഷൻ ഓഫീസർ.